# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3691** **27-06-2024 - ൽ മറുപടിയ്ക്ക്**

## സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് പാസ് നൽകുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് പാസ് നൽകുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥി കൺസഷൻ പൂർണ്ണമായും ഓൺലൈനാക്കി മാറ്റിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നേരിട്ട് എത്താതെ വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ***"www.concessionksrtc.com"*** എന്ന ലിങ്ക് ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് ഓൺലൈനായി കൺസഷനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ തത്സ്ഥിതി അറിയുന്നതിനായി *SMS* സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കാർഡ് വാങ്ങുവാൻ മുൻകൂട്ടി അറിയിച്ച തീയതിയിലും സമയത്തും വിദ്യാർത്ഥികൾക്ക് കാർഡ് വാങ്ങി പോകുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ *BPL* പരിധിയിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ നിരക്കിലും *APL* പരിധിയിൽ വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും 30% സൗജന്യ നിരക്കിലും നിലവിൽ കൺസഷൻ അനുവദിക്കുന്നുണ്ട്. |
| (ബി) | സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ബസിൽ ബസ് പാസ് നൽകുന്നതിന് ബസ് ഓണേഴ്സ് അസോസിയേഷൻ ഓഫീസിലുള്ള കാലതാമസം ഒഴിവാക്കി ജൂണിൽ തന്നെ കൺസഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കൺസഷന്റെ പേരിൽ വിദ്യാർത്ഥികൾക്ക് നേരെ ചില ബസ് കണ്ടക്ടർമാരും ബസ് ജീവനക്കാരും | (സി) | കെ.എസ്.ആർ.ടി.സി.യിൽ അത്തരം യാതൊരു അതിക്രമങ്ങളും ബസ് ജീവനക്കാരുടെ ഭാഗത്ത് നിന്നും നിലവിൽ ഉണ്ടായിട്ടില്ല. സ്വകാര്യ ബസ് |

| | | | |
|---|---|---|---|
| | നടത്തുന്ന അതിക്രമം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | സംബന്ധമായ ഇത്തരം വിഷയങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കൺസഷൻ നൽകുന്നതിന് ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാർക്ക് അനുവദിച്ചിരിക്കുന്ന അധികാരം സ്വാശ്രയ കോളേജ് പ്രിൻസിപ്പൽമാർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ പരിഗണനയിലില്ല. |
| (ഇ) | സംസ്ഥാനത്തെ കോളേജുകളിൽ സെമസ്റ്റർ സിസ്റ്റം ആയതിനാൽ ഏപ്രിൽ,മേയ് മാസങ്ങളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാനത്തെ കോളേജുകളിലെ സെമസ്റ്റർ സിസ്റ്റത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ് അധികാരികൾ നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ ഏപ്രിൽ, മേയ് മാസങ്ങളിലും നിലവിൽ വിദ്യാർത്ഥി കൺസഷൻ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ